LIBRARY ARCHIVES Kerala Legislative Assembly

കോവിഡ് വാക്സിൻ ഉത്പാദനം

166(180) ശ്രീ. പി. ഉബൈദുള്ള:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡ് വാക്സിൻ ഉത്പാദിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ വ്യവസായ വകുപ്പ് ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ വാക്സിൻ ഉത്പാദനം ഏതുഘട്ടത്തിലാണെന്ന് അറിയിക്കുമോ;

&

(സി) എന്നത്തേയ്ക്ക് ഉത്പാദനം പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ?

(എ-സി) സംസ്ഥാനത്ത് കോവിഡ് വാക്സിൻ ഉത്പാദിപ്പിക്കുന്നതിനുള്ള ചർച്ചകൾ വിവിധ വാക്സിൻ നിർമ്മാതാക്കളുമായി നടത്തിവരുന്നു.

കോവിഡ് പ്രതിരോധത്തിന്റെ ഭാഗമായുള്ള വ്യവസായ വകുപ്പ് പദ്ധതികൾ

167(181) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെക്കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവിഡ് പ്രതിരോധത്തിന്റെ ഭാഗമായി വ്യവസായ വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുള്ള പദ്ധതികളുടെയും പ്രവർത്തനങ്ങളുടെയും വിശദാംശങ്ങൾ അറിയിക്കുമോ?

കോവിഡ് -19 മഹാമാരി വരുത്തിവച്ച ലോക്ക്ഡൗൺ ഉൾപ്പെടെയുള്ള വിവിധ സാഹചര്യങ്ങളുടെ ഭാഗമായി തളർന്നുപോയ സൂക്ഷ്മ-ചെറുകിട- ഇടത്തരം വ്യവസായ മേഖലയെ തിരിച്ചുകൊണ്ടുവരുന്നതിനായി കേരള സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതിയാണ് വ്യവസായ ഭദ്രത. 20-5-2020-ലെ GO(MS).No 56/2020/ID പ്രകാരം പ്രഖ്യാപിച്ച വ്യവസായ ഭദ്രതാ പാക്കേജിൽ വ്യവസായ വാണിജ്യ വകുപ്പുമായി ബന്ധപ്പെട്ട ചുവടെ വിവരിക്കുന്ന പദ്ധതികളാണ് ഉൾപ്പെട്ടിരുന്നത്.

1. സംരംഭക സഹായ പദ്ധതി (ESS) ഉദാരവൽക്കരണം
2. അധിക പ്രവർത്തന മൂലധനത്തിനുവേണ്ടി മാർജിൻ മണി അസിസ്റ്റൻസ് & MSME-കൾക്കുള്ള അധിക പ്രവർത്തനമൂലധനത്തിന് പലിശ ധനസഹായം

LIBRARY ARCHIVES Kerala Legislative Assembly

3. MSME-കൾക്ക് നൽകുന്ന അധിക Term ലോണിനുള്ള പലിശ ധനസഹായം മേൽ വിവരിച്ചവയിൽ സംരംഭക സഹായ പദ്ധതി (ESS) ഉദാരവൽക്കരണം നടപ്പിലാക്കുന്നതിലേയ്ക്കായി സംരംഭക സഹായ പദ്ധതിയുടെ മാർഗ്ഗരേഖ 24-11-2020-ലെ GO(MS) No.103/2020/ID പ്രകാരം ഭേദഗതി ചെയ്ത് നടപ്പിലാക്കിയിട്ടുണ്ട്. ആയതിലെ പ്രധാന സവിശേഷതകൾ

(a) SC/ST, വനിതകൾ, യുവാക്കൾ എന്നിവർ ആരംഭിക്കുന്ന MSME യൂണിറ്റുകൾക്ക് നിലവിൽ നൽകിവരുന്ന 20% സബ്സിഡി 25% സബ്സിഡിയായി വർദ്ധിപ്പിച്ചു. ഈ പ്രത്യേക വിഭാഗത്തിലേയ്ക്ക് പ്രവാസികൾ ആരംഭിക്കുന്ന MSME യൂണിറ്റുകളെക്കൂടി ഉൾപ്പെടുത്തി ആനുകൂല്യം നൽകുന്നതാണ്.

(b) മൻഗണനാ വിഭാഗത്തിൽ ഉൾപ്പെട്ട MSME യൂണിറ്റുകളുടെ പട്ടികയിൽ 'Pharmaceutical industries and health care products manu facturing industries' യൂണിറ്റുകളെ ഉൾപ്പെടുത്തി ജനറൽ വിഭാഗത്തിന് അനുവദിക്കുന്ന 15% നിക്ഷേപ സബ്സിഡിക്കുപുറമേ 10% സബ്സിഡി കൂടി അനുവദിച്ചു.

(c) അനുവദിക്കുന്ന തുകകൾക്ക് ബന്ധപ്പെട്ട ബാങ്കുകളുടെയും/ധനകാര്യ സ്ഥാപനങ്ങളുടെയും സഹായത്തോടെ ESS-ന് ബിൽ ഡിസ്കൗണ്ടിംഗ് സ്കീം (BDS) നടപ്പാക്കുന്നതിന് തീരുമാനിച്ചു.

മേൽ വിവരിച്ചവയിൽ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖാന്തരം നടപ്പിലാക്കുന്ന Scheme for Interest Subvention on Term Loan and working capital loan പദ്ധതി പ്രകാരം 1-4-2020 മുതൽ 31-12-2020 വരെ MSME യൂണിറ്റുകൾ (ഉൽപ്പാദക മേഖലയിലും ജോബ് വർക്ക് ചെയ്യുന്നതുമായിട്ടുള്ള) എടുക്കുന്ന വായ്പകൾക്ക് 50% താങ്ങുപലിശ 6 മാസത്തേയ്ക്ക് പരമാവധി ഓരോ ലോണിനും (Term Loan/Working capital) 30,000 രൂപ (യൂണിറ്റിന് പരമാവധി 60,000 രൂപ) വരെ അനുവദിച്ച് വരുന്നുണ്ട്. കൂടാതെ സംസ്ഥാനത്തെ എം.എസ്.എം.ഇ. മേഖലയ്ക്ക് കോവിഡ്മൂലം നേരിട്ട ആഘാതം കുറയ്ക്കുന്നതിനായി ഈ സർക്കാർ 1416 കോടി രൂപയുടെ COVID-19 സമാശ്വാസ പദ്ധതി എന്ന പേരിൽ ഒരു ദുരിതാശ്വാസ പാക്കേജ് പ്രഖ്യാപിച്ച് നടപ്പിലാക്കിവരുന്നുണ്ട്. കോവിഡ്-19-ന്റെ സാഹചര്യത്തിൽ മുൻവർഷം പ്രഖ്യാപിച്ച വ്യവസായ ഭദ്രതാ പാക്കേജിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്ന പലിശയിളവ് പദ്ധതി (Scheme for interest Subvention on term Loan and Working Capital Loan) കൂടുതൽ ഇളവുകളോടെ

നടപ്പിലാക്കും. 2020 ഡിസംബർ 31 വരെ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും നേടുന്ന വായ്പകൾക്കാണ് പലിശയിളവ് നൽകിയിരുന്നത്. ഇത് 2021 ഡിസംബർ 31 വരെയുള്ള വായ്പകൾക്കായി ഒരു വർഷത്തേയ്ക്കുകൂടി ദീർഘിപ്പിക്കും. ഈ പദ്ധതി അനുസരിച്ച് ധനകാര്യ സ്ഥാപനങ്ങളിൽനിന്നും വായ്പ ലഭിക്കുന്ന എല്ലാ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്കും 12 മാസത്തേയ്ക്ക് 50% പലിശസഹായം ലഭ്യമാകും. പരമാവധി യൂണിറ്റിന് 1,20,000 രൂപ വരെയാണ് സഹായം അനുവദിക്കുക. നിലവിലെ സംരംഭക സഹായ പദ്ധതി മാർഗ്ഗരേഖപ്രകാരം താഴെപ്പറയുന്ന ആനുകൂല്യങ്ങൾ ലഭിക്കും.

1. യോഗ്യതയുള്ള ഒരു യൂണിറ്റിന് ലഭിക്കുന്ന പരമാവധി സബ്സിഡി പൊതു വിഭാഗങ്ങൾക്ക് 20 ലക്ഷത്തിൽ നിന്ന് 30 ലക്ഷമായി ഉയർത്തും.

2. പിന്നോക്ക ജില്ലകളിലെ വ്യവസായങ്ങൾക്കും മൻഗണന വ്യവസായ ങ്ങൾക്കും പരമാവധി 30 ലക്ഷം രൂപ എന്നത് 40 ലക്ഷം രൂപ വരെ ഉയർത്തും.

3. ചെറുകിട യൂണിറ്റുകൾക്ക് നല്കുന്ന മാർജിൻ മണിഗ്രാന്റ് സഹായത്തിന്റെ വ്യാപ്തി വിപുലീകരിച്ച് സേവനമേഖലയിൽ ഉൾപ്പെട്ടിരിക്കുന്ന നാനോ യൂണിറ്റുകളെക്കൂടി പദ്ധതി പ്രകാരം സഹായത്തിന് യോഗ്യരാക്കും.

4. നിലവിൽ 5 ലക്ഷം രൂപ വരെ മൂലധന നിക്ഷേപമുള്ള യൂണിറ്റുകൾക്കു മാത്രമേ നാനോ യൂണിറ്റുകൾക്കുള്ള പലിശ ഇളവ് പദ്ധതി അനുവദിച്ചിട്ടുള്ളൂ. ഈ സഹായത്തിനായി 10 ലക്ഷം രൂപ വരെ മൂലധനനിക്ഷേപമുള്ള എല്ലാ നാനോ യൂണിറ്റുകളും ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനുപുറമെ, 10 ലക്ഷം രൂപ മൂലധനനിക്ഷേപമുള്ള എല്ലാ സേവനമേഖല നാനോ യൂണിറ്റുകളും ഈ പദ്ധതി പ്രകാരം യോഗ്യമാകും. കൂടാതെ കോവിഡ്-19-മൂലം MSME മേഖലയ്ക്ക് നേരിട്ട ആഘാതം കുറയ്ക്കുന്നതിനായി കേന്ദ്രസർക്കാരിന്റെ 'ആത്മനിർഭർ ഭാരത് അഭിയാൻ' പാക്കേജിന്റെ ഭാഗമായി എമർജൻസി ക്രെഡിറ്റ് ലൈൻ ഗ്യാരണ്ടി സ്കീം (ECLGS), ക്രെഡിറ്റ് ഗ്യാരണ്ടി സ്കീം ഫോർ സബോർഡിനേറ്റ് ഡെപ്റ്റ് (CGSSD), പി.എം. ഫോർമാലിസേഷൻ ഓഫ് മൈക്രോ ഫുഡ്പ്രോസസ്സിംഗ് എന്റർപ്രൈസസ് (PMFME) തുടങ്ങിയ പദ്ധതികളും വ്യവസായ-വാണിജ്യ വകുപ്പ് മുഖേന നടപ്പിലാക്കിവരുന്നു. വ്യവസായ വകുപ്പിലെ പൊതുമേഖലാ സ്ഥാപനമായ കിൻഫ്രയുടെ വ്യവസായ പാർക്കുകളിലെ ബഹുനില ഫാക്ടറി കെട്ടിട സമുച്ചയങ്ങളിലെ സംരംഭകർ നൽകേണ്ട വാടകയും കോമൺ ഫെസിലിറ്റി ചാർജ്ജും എപ്രിൽ 2021 മുതൽ ജൂൺ 2021 വരെ ഒഴിവാക്കിയിട്ടുണ്ട്. കിൻഫ്രയുടെ പാർക്കുകളിലെ ഭൂമിയുടെ വില 2020 മാർച്ചിലെ സ്ഥിതി തുടരുന്നതാണ്. സംരംഭകന് 20% ഡൗൺ പേമെന്റ് അടച്ചശേഷം അടുത്ത 5 വർഷത്തിനുള്ളിൽ തുല്യ തവണകളായി പലിശ ഒഴിവാക്കി അടച്ചാൽ മതിയാകും.

LIBRARY ARCHIVES Kerala Legislative Assembly